(ബി&സി) കെ. കെ. അനീഷ് മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് പാലക്കാട് മലമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 405/2014 u/s 174 Cr.PC altered into 120, 120(B), 192, 193, 195, 211, 471, 306 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കേസിൽ താഴെ പറയുന്ന 7 പേരെ പ്രതി ചേർത്തിട്ടുണ്ട്.

1. സെയ്തലവി @കുഞ്ഞാപ്പു : സ്കൂൾ മാനേജർ
2. മൊഹമ്മദ് അഷ്റഫ് : സ്കൂൾ എഫ്.റ്റി.എം.
3. അബ്ദുൾ റസാഖ് : സ്കൂൾ ക്ലാർക്ക്
4. അബ്ദുൾ ഹമീദ് : സ്കൂൾ പ്യൂൺ
5. സുധ പി. നായർ : സ്കൂൾ ഹെഡ്മിസ്ട്രസ്
6. കെ. സി. ഗോപി : ഡി.ഡി.ഇ. മലപ്പുറം (റിട്ട.)
7. ഹൈദർ കെ. മുന്നിയൂർ : പി. റ്റി. എ. പ്രസിഡന്റ്

(ഡി&ഇ) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

വിജിലന്റ് കേരള പദ്ധതി

160 (1865) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ നടത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിജിലന്റ് കേരള എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ജനങ്ങളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും നടപ്പാക്കുന്ന അഴിമതി വിരുദ്ധ പദ്ധതിയാണ് വിജിലന്റ് കേരള. ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്ത് 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ സംവിധാനങ്ങളുമാണ് വിജിലന്റ് കേരള പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെ പറയുന്നവരെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

1. സർക്കാർ/അർദ്ധ സർക്കാർ ഓഫീസുകളിലോ സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ കാണുകയോ ചെയ്യുന്നവർ.
2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും കഴിവും നേടി സജീവ പങ്കാളികളാവുന്നവർ.
3. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും.
4. ജില്ലകളിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും.
5. ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും.
6. വകുപ്പ് മേധാവികൾ, പൊതുമേഖല സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ.
7. വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.

(ഡി) വിജിലന്റ് കേരള എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നടന്നിട്ടില്ലാത്തതിനാൽ ഭരണതലത്തിൽ സജ്ജീകരണങ്ങൾ നടപ്പിലാക്കിയിട്ടില്ല.

പുത്തൂർ പോലീസ് സ്റ്റേഷൻ

161 (1866) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുത്തൂർ പോലീസ് സ്റ്റേഷൻ സംബന്ധിച്ച 77675/E1/2011 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?